നിന്റെ നാവ് അല്ലാഹുവിന്റെ ദിക്ർ കൊണ്ട് എപ്പോഴും
നനവുള്ളതാകട്ടെ
അബ്ദുല്ലാഹിബ്നു ബുസ്ർ (رضي الله عنه) പറയുന്നു: ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ
റസൂലേ, ഇസ്ലാമിന്റെ നിയമനിർദേശങ്ങൾ ധാരാളമായി എനിക്കനുഭവപ്പെടുന്നു. അതിനാൽ
എനിക്ക് മുറുകെപ്പിടിക്കാൻ (എളുപ്പമുള്ള) ഒരു കാര്യം പറഞ്ഞുതന്നാലും. നബി -صلى الله عليه وسلم-പറഞ്ഞു: "നിന്റെ നാവ് അല്ലാഹുവിന്റെ ദിക്ർ കൊണ്ട് എപ്പോഴും നനവുള്ളതാകട്ടെ."
[صحيح] [رواه الترمذي وابن ماجه وأحمد]
ഐഛികമായ ഇബാദത്തുകൾ ഏറെ അധികമുള്ളതായി തനിക്ക് അനുഭവപ്പെടുന്നതിനാൽ അവ ചെയ്യാൻ താൻ
അശക്തനാകുന്നു എന്ന കാര്യം ഒരാൾ നബി -صلى الله عليه وسلم- യോട് ആവലാതിയായി പറഞ്ഞു. ശേഷം ധാരാളം പ്രതിഫലം
ലഭിക്കാൻ കാരണമാകുന്ന ഒരു ലളിതമായ നന്മ തനിക്ക് അറിയിച്ചു തരാനും, അക്കാര്യം താൻ
മുറുകെ പിടിച്ചു കൊള്ളാമെന്നും അദ്ദേഹം നബി -صلى الله عليه وسلم- യെ അറിയിച്ചു. അല്ലാഹുവിനെ കുറിച്ചുള്ള
സ്മരണയും ദിക്റും കൊണ്ട് തൻ്റെ നാവ് സദാ സമയവും ഏതവസ്ഥയിലും ചലിപ്പിച്ചു
കൊണ്ടിരിക്കാനും സമൃദ്ധമാക്കാനും നബി -صلى الله عليه وسلم- അയാളെ ഉപദേശിച്ചു. തസ്ബീഹുകളും തഹ്മീദുകളും
ഇസ്തിഗ്ഫാറുകളും പോലെയുള്ള ദിക്റുകളെല്ലാം ഈ പറഞ്ഞതിൽ ഉൾപ്പെടും.
https://www.sunnah.global/hadeeth/ml/show/4716